# മേലൂർ ഗ്രാമപഞ്ചായത്ത് - സിഡിഎസ്

## ആമുഖം

തൃശൂർ ജില്ലയിലെ ചാലക്കുടി ബ്ലോക്കിൽപ്പെട്ട കാർഷിക മേഖലക്ക് മുൻതൂക്കമുള്ള പഞ്ചായത്താണ് മേലൂർ ഗ്രാമപഞ്ചായത്ത്. പ്രധാന ഉപജീവന മാർഗം കൃഷിയും പശുവളർത്തലുമാണ്. 2002 ലാണ് മേലൂർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ എന്ന വനിതാ കൂട്ടായ്മ രൂപീകരിച്ചത്. ശ്രീമതി ഹൈമവതി ശിവൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായ കാലഘട്ടത്താണ് കുടുംബശ്രീ രൂപീകരിച്ചത്. വാർഡ് തലത്തിൽ തൊട്ടരികെയുള്ള പ്രദേശത്തെ വനിതകളെ വിളിച്ചു കൂട്ടിയാണ് അയൽക്കൂട്ടം രൂപീകരിച്ചത് . വാർഡ് തലത്തിലുള്ള 5 അംഗ ഭാരവാഹികളെ വിളിച്ചു ചേർത്ത് കൊണ്ട് 5 അംഗങ്ങളുള്ള വാർഡ് സമിതി രൂപീകരിച്ചു. 5 അംഗ ഭരണസമിതിയെ വിളിച്ചു ചേർത്ത് പഞ്ചായത്തിൽ 9 അംഗ ഭരണ സമിതി രൂപീകരിച്ചു . ആദ്യ ഘട്ടത്തിൽ 40 അയൽക്കൂട്ടങ്ങളാണ് ഉണ്ടായിരുന്നത് . നിലവിൽ 17 വാർഡുകളിലായി 267 അയൽക്കൂട്ടങ്ങളും 20 വയോജന അയൽക്കൂട്ടങ്ങളും 36 ബാലസഭകളും 70 ജെ എൽ ജി കളും ഉണ്ട്.

കോവിഡ്19 മഹാമാരി ലോകത്താകമാനം ഭീതി പരത്തികൊണ്ടു അതിവേഗം പടർന്നിരുന്ന സാഹചര്യത്തിൽ കൊറോണ വൈറസിനെ പ്രതിരോധിക്കാൻ കുടുംബശ്രീയും ഒരു നിർണായക കരുത്തായി മാറി.2020 മാർച്ചു 3 -)o തിയതിയിൽ നടന്ന അയൽക്കൂട്ടയോഗത്തിൽ കുടുംബശ്രീ അംഗങ്ങൾ പങ്കെടുക്കുകയും ബോധവൽക്കരണം നൽകുകയും ചെയ്തു .കൂടാതെ കോവിഡ് പകർച്ചവ്യാധി വ്യാപനത്തിനെതിരായുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് അയൽക്കൂട്ട യോഗങ്ങളിൽ വിശദമായി ചർച്ചചെയ്യണമെന്നും ആയത് പാലിക്കുന്നതിനുള്ള ബോധവൽക്കരണവും നൽകണമെന്നും ആശങ്കയില്ലാതെ ജാഗ്രത പാലിച്ചു കൊണ്ട് നാം പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്നും നിർദേശം നൽകി . ഓരോ അയൽക്കൂട്ട അംഗവും ഈ സാമൂഹ്യ ഉത്തരവാദിത്വം ഏറ്റെടുത്തു വിജയിപ്പിക്കണമെന്നും അറിയിച്ചു.

കോവിഡ് കാലം ഓരോ കുടുംബത്തിനും നഷ്ടങ്ങളാണ് ഉണ്ടാക്കിയത്. ഭൂരിഭാഗം പേർക്കും തൊഴിൽ നഷ്ടപ്പെട്ടു.ഈ സാഹചര്യത്തിലാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ചതു മൂലം ഭക്ഷണത്തിനു ബുദ്ധിമുട്ടുന്നഅഗതികൾക്ക് ഭക്ഷണം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കണമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരം മേലൂർ ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങുന്നതിനു വേണ്ടി 26/ 03 /2020 ൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടു ബഹുമാനപ്പെട്ട പഞ്ചായത്തു പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ സെക്രട്ടറി,അസിസ്റ്റന്റ് സെക്രട്ടറി , മെഡിക്കൽ ഓഫീസർ , സി ഡി എസ് ചെയർപേഴ്സൺ , സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർമാർ എന്നിവർ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയുടെ ഒരു യോഗം കൂടുകയും കമ്മ്യൂണിറ്റി കിച്ചന്റെ നടത്തിപ്പ് കുടുംബശ്രീയെ ഏൽപ്പിക്കുകയും ചെയ്തു. സി ഡി എസ് ചെയർപേഴ്സൺ ശ്രീമതി ഇന്ദിര മോഹനൻ, മെമ്പർ സെക്രട്ടറി ശ്രീ അനൂപ് സി എൻ, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ എം എസ് ബിജു , ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി വിക്ടോറിയ ഡേവിസ് എന്നിവരെ മുഖ്യ ചുമതല ഏല്പിച്ചു. 26/03/2020 ൽ തന്നെ കമ്മ്യൂണിറ്റി കിച്ചൺ കേന്ദ്രമായ കല്ലുകുത്തി സെന്റ് ജോൺസ് സ്കൂളിൽ ക്ലീനിങ്ങും മറ്റു അനുബന്ധ പ്രവർത്തനങ്ങളും ചെയ്തു. 27/03/2020 നു കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സൺ ശ്രീമതി ഇന്ദിര മോഹനൻ , സി ഡിഎസ് അംഗങ്ങളായ രേണുക സുരേഷ് , ശ്രുതി ജ്യോതിഷ് , സഹായികളായി ഷൈനി ബാബു , ചെല്ലാ ബാബു എന്നിവർ രാവിലെ 5 മണിക്ക് തന്നെ കേന്ദ്രത്തിൽ വരികയും ഭക്ഷണം തയാറാക്കുന്നത്തിനുള്ള തയ്യാറെടുപ്പു ആരംഭിക്കുകയും ചെയ്തു.9.30 നു ഭക്ഷണം തയ്യാറാവുകയും 10.30 നു തന്നെ ഭക്ഷണം 2 ഓട്ടോറിക്ഷകളിലായി കൊടുത്തു വിടുകയുണ്ടായി. ആദ്യ ദിനം 63 പേർക്ക് 2 നേരത്തെ ഭക്ഷണമാണ് കൊടുത്തയച്ചത് . സി ഡി എസ് വൈസ് ചെയർപേഴ്സൺ ശ്രീമതി സുജ ജോയ്, സി ഡി എസ് അംഗങ്ങളായ ബീന വിജയൻ , സൗമ്യ മോഹൻദാസ് , ഷൈനി മോഹനൻ , എ ഡി എസ് അംഗമായ ജാൻസി പൗലോസ് എന്നിവർ ഭക്ഷണം ആവശ്യമുള്ള ഓരോ വീടുകളിലും 2 നേരത്തെ ഭക്ഷണം എത്തിക്കുകയും ചെയ്തു. മാസ്കും ഗ്ലൗസും ധരിച്ചായിരുന്നു എല്ലാവരും കിച്ചണിൽ പ്രവർത്തിച്ചിരുന്നത്. .28/03/2020 മുതൽ 112 പേർക്ക് 2 നേരത്തെ ഭക്ഷണം എത്തിച്ചു . രാത്രിയിലേക്കുള്ള ഭക്ഷണം കേടു കൂടാതെ ഇരിക്കുവാനായി പാത്രങ്ങളിലായാണ് ഭക്ഷണം വിളമ്പി കൊടുത്തിരുന്നത്. പിന്നീട് 239 പേർക്ക് 2 നേരത്തെ ഭക്ഷണം കൊടുക്കുകയും ചെയ്തു.

മേലൂർ ഗ്രാമപഞ്ചായത്തിലെ അതിഥി തൊഴിലാളികൾക്ക് പഞ്ചായത്തിൽ നിന്ന് കിറ്റ് വിതരണം നടത്തിയിരുന്നു. കിറ്റുകൾ റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കുന്നതിന് മുൻപ് 100 പേർക്ക് ഒരാഴ്ചയോളം 2 നേരത്തെ ഭക്ഷണം കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും നൽകിയിരുന്നു. ജില്ലാമിഷൻ കോ ഓർഡിനേറ്റർ ശ്രീ കെ വി ജ്യോതിഷ്കുമാറിന്റെ സഹായത്തോടെ അരിയുടെ പെർമിറ്റു വളരെ വേഗത്തിൽ ലഭിക്കുകയും ഭക്ഷണത്തിനുള്ള അരി ( 600 kg @ 10.90 ps ) സിവിൽ സപ്ലൈസ് കോർപറേഷനിൽ നിന്നു കൊണ്ടുവരികയും ചെയ്തു. ഹോർട്ടികൾച്ചറിൽ നിന്ന് 3 പ്രാവശ്യം പച്ചക്കറി സൗജന്യമായി ലഭിച്ചു. ജെഎൽജികൾ പച്ചക്കറികൾ,കിഴങ്ങുകൾ തുടങ്ങിയവയും തന്നു സഹായിച്ചു. 7 -)o ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ കെ ഷീജു, വാർഡ് മെമ്പർ ശ്രീ പ്രദീപ് , സി ഡി എസ് മെമ്പർ ശ്രീമതി ഇന്ദിര പ്രകാശൻ എന്നിവരുടെ നേതൃത്വത്തിൽ 7 -)0 വാർഡ് അടിച്ചിലിയിലെ കുടുംബശ്രീ അംഗങ്ങൾ അരി, പലവ്യഞ്ജനം , പച്ചക്കറി എന്നിവ തന്നു സഹായിച്ചു.7 -)0 വാർഡിനു പുറമെ 2,4,5,6,7,8,9,10,11,12,14 എന്നീ വാർഡുകളിൽ നിന്നും സഹായങ്ങൾ ഉണ്ടായി . കമ്മ്യൂണിറ്റി കിച്ചണിലെ വേസ്റ്റുകൾ അന്നന്ന് തന്നെ നല്ല രീതിയിൽ ഡിസ്പോസ് ചെയ്തിരുന്നു. കമ്മ്യൂണിറ്റി കിച്ചൺ നല്ല രീതിയിൽ നടത്തി കൊണ്ട് പോകാൻ പഞ്ചായത്തു പ്രസിഡന്റ് ശ്രീ പി പി ബാബു കമ്മ്യൂണിറ്റി കിച്ചൺ നല്ല രീതിയിൽ നടത്തി കൊണ്ട് പോകാൻ പഞ്ചായത്തു പ്രസിഡന്റ് ശ്രീ പി പി ബാബു വളരെ നല്ല രീതിയിൽ സഹകരിച്ചു. കമ്മ്യൂണിറ്റി കിച്ചനിൽ നാല് പ്രാവശ്യം സ്പെഷ്യൽ വിഭവങ്ങൾ നൽകാൻ സാധിച്ചു.വിവാഹ ദിനത്തിലെ ബിരിയാണിയും മേച്ചേരി വീട്ടിൽ നിന്നും ചിക്കനും ശ്രീ ബിജു ബീഫ് തന്നും സഹായിച്ചു.

കമ്മ്യൂണിറ്റി കിച്ചന്റെ അവസാന ദിനത്തിൽ പായസം നൽകുവാനും സാധിച്ചു.



<u>വാട്സാപ്പ് ഗ്രൂപ്പ് രൂപീകരണം</u>

പ്രധാനപ്പെട്ട വിവരങ്ങൾകൃത്യ സമയത്തു കുടുംബശ്രീ അംഗങ്ങളിലേക്കും കുടുംബങ്ങളിലേക്കും എത്തിക്കുന്നതിന് സി ഡി എസ് തലത്തിൽ മുതൽ അയൽക്കൂട്ട തലത്തിൽ വരെ വാട്സ്ആപ് ഗ്രൂപ്പുകൾ രൂപീകരിച്ചു.

## അഗതിരഹിത കേരളം

അഗതിരഹിത കേരളത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഏപ്രിൽ മാസത്തെ പോഷകാഹാര കിറ്റ് അവരവരുടെ ഭവനങ്ങളിൽ എത്തിച്ചു കൊടുത്തു. മെയ് മാസത്തെ പോഷകാഹാര കിറ്റും വിതരണം ചെയ്തു.. 60 വയസു കഴിഞ്ഞ വയോജനങ്ങളെ ഫോണിൽ വിളിച്ചു ക്ഷേമം അന്വേഷിച്ചും അവർക്കു മാനസിക പിന്തുണ നൽകിയും സി ഡി എസ് അംഗങ്ങളായ ശ്രുതി ജ്യോതിഷ്, ലത സന്തോഷ് എന്നിവരുടെ സഹായത്തോടെ കൃത്യ സമയത്തു റിപ്പോർട്ട് നൽകി.10 വയസിനു താഴെയുള്ളവർക്കും 60 വയസിനു മുകളിലുള്ളവർക്കും മാസ്കുകൾ നൽകി വരുന്നു.

## ബാലസഭ

ബാലസഭ കുട്ടികൾക്ക് കോവിഡ് കാലം ഫലപ്രദമായി വിനിയോഗിക്കാൻ വീട്ടിലുള്ള വിവിധ വസ്തുക്കൾ കൊണ്ട് കളിപ്പാട്ടം ഉണ്ടാക്കുന്നതിനുള്ള മത്സരം നടത്തിയിരുന്നു . അതിൽ കുട്ടികൾ പങ്കെടുക്കുകയും 17-)ം വാർഡിലെ കുട്ടികൾ ഉണ്ടാക്കിയ

കളിപ്പാട്ടങ്ങൾ മത്സരത്തിൽ തെരഞ്ഞെടുക്കുകയും ചെയ്തു . ഇതിനു പുറമെ വാർഡ് 4,5,14,16 എന്നീ വാർഡുകളിലെ കുട്ടികളാണ് മത്സരത്തിൽ പങ്കെടുത്തിരുന്നത്.

ഇതിനു പുറമെ വാർഡ് 11 ലെ അരുണിമ കുടുംബശ്രീയിലെ അംഗം സിന്ധുവും മക്കളും പേപ്പർ കൊണ്ട് കരകൗശല വസ്തുക്കൾ ഉണ്ടാക്കിയിരുന്നു. 12 -)ം വാർഡിലെ ജനനി കുടുംബശ്രീയിലെ അംഗം രാഗിണി എഴുതി ആലപിച്ച കവിത ശ്രദ്ധേയമായിരുന്നു.

## മാസ്ക് നിർമാണം

5-)ംവാർഡിലെ അനിതയുടെ നേതൃത്വത്തിലുള്ള തേജസ് തുണി സഞ്ചി യൂണിറ്റും 16-)ം വാർഡ് സി ഡി എസ് മെമ്പർ ലത സന്തോഷിന്റെ നേതൃത്വത്തിലുള്ള തണൽ ആക്ടിവിറ്റി ഗ്രൂപ്പും,17-)ം വാർഡിലെ ലിസി പൗലോസും ജാൻസി ബാബുവും 4 -)ം വാർഡിലെ ആവണി തയ്യൽ യൂണിറ്റ് നടത്തുന്ന സുബിത സുധീന്ദ്രനും പഞ്ചായത്തിലേക്കും തൊഴിലുറപ്പിലേക്കും വിവിധ സ്ഥാപനങ്ങളിലേക്കും മാസ്ക് നിർമിച്ചു തരുന്നു.

തിഷ് മറുപടി നൽകി.

വൈശാഖ ഉദ്ഘാടനം ചെയ്തു.



മുരിങ്ങൂർ തണൽ കുടുംബശ്രീ യൂണിറ്റിലെ പ്രവർത്തകർ മാസ്കുകൾ നിർമിക്കുന്നു

### കൊറോണയെ പ്രതിരോധിക്കുവാൻ

### മാസ്കുകളുമായി വനിതാ കൂട്ടായ്മ

ചാലക്കുടി: കൊറോണയെ പ്രതിരോധിക്കുവാൻ മാസ്കുകൾ വനിത കൂട്ടായ്മ. ഹരിത കേരള മിഷനു വേണ്ടിയാണ് മേലൂർ പഞ്ചായത്തിലെ പതിനാറാം വാർഡിൽ പ്രവർത്തിക്കുന്ന മുരിങ്ങൂർ തണൽ കുടുംബശ്രീ യൂണിറ്റാണ് മാസ്കുകൾ തയ്യാറാക്കുന്നത്. ഗുണമേൻമയുള്ള കോട്ടൺ തുണിയിൽ പ്രത്യേക അളവുകളിലാണ് മാസ്കുകൾ തയ്പിക്കുന്നത്. അയ്യായിരത്തോളം മാസ്കുകളാണ് ആദ്യഘട്ടത്തിൽ അടിയന്തിരമായി തയ്യാറാക്കുവാനാണ് ഇവരോട് നിർദ്ദേശിച്ചിരിക്കുന്നത്. ഓരോ ദിവസവും തയ്പിക്കുന്ന മാസ്കുകൾ കൊറിയർ വഴി കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്റ്റർക്ക് തിരുവനന്തപുരത്തേക്ക് അയക്കുകയാണ്.തണൽ കോഡിനേറ്ററും സിഡിഎസ് മെമ്പറുമായ ലത സന്തോഷിന്റെ നേതൃത്വത്തിലാണ് മാസ്കുകൾ തയ്യാറാക്കുന്നത്. സാധരാണ മറ്റു ജോലികൾ ഒഴിവാക്കി പ്രത്യേക സാഹചര്യം കണക്കിലെടുത്ത് രാത്രി എട്ട് മണിവരെ എല്ലാം ഇരുന്ന് തയ്പിച്ചാണ് ഇവർ കൊറോണ പ്രതിരോധ പ്രവർത്തിന് ഏറെ പ്രാധാന്യമുള്ള മാസ്ക്ക് ഒരുക്കുന്നത്.

അണുനാശിനി ഉപയോഗിച്ച് കഴുകി വൃത്തിയാക്കി വീണ്ടും ഉപയോഗിക്കാവുന്ന തരത്തിലുള്ള മാസ്കുകളാണ് ഇവിടെ നിർമിക്കുന്നത്. പുറമെ മാർക്കറ്റിൽ അമിത വില ഈടാക്കി മാസ്കുകൾ വിൽക്കുമ്പോൾ ചുരുങ്ങിയ വിലക്കാണ് ഇവർ കുടുംബശ്രിക്കായി തയ്പിച്ച് കൊടുക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മൂന്ന് ലക്ഷം രൂപ ലോണെടുത്ത് ആറ് പേർ ചേർന്നാണ് മേലൂർ പഞ്ചായത്തിലെ മുരിങ്ങൂർ മണ്ടിക്കുന്നിലുള്ള വായന ശാലയുടെ മുകളിലാണ് തണലെന്ന പേരിട്ട് തയ്യൽ യൂണിറ്റ് ആരംഭിച്ചിരിക്കുന്നത്. ഇതിന് പുറമെ ബീവറേജസ് കോർപ്പറേഷൻ വേണ്ടി തുണി സഞ്ചി നിർമിക്കുവാനും ഇവർക്ക് ഓർഡർ ലഭിച്ചിട്ടുണ്ട്.പ്രസിഡന്റ് ജീന ജോജോ, സെക്രട്ടറി ജോഷ്മി ലിജു, ജെയ്സി സേവ്യാർ, ഹെൽന ഷിബു, ഷീല ഡേവീസ് എന്നിവർ ചേർന്നാണ് യൂണിറ്റ് ആരംഭിച്ചിരിക്കുന്നത്.

## ശുചീകരണം

ഏപ്രിൽ മാസത്തിൽ വീടുകളും, റോഡുകളും പൊതു ഇടങ്ങളും വൃത്തിയാക്കുകയും കുടുംബശ്രീ അംഗങ്ങൾ ഗൃഹ സന്ദർശനം നടത്തി കോവിഡ് ബോധവൽക്കരണം നടത്തുകയും ചെയ്തു.



## സഹായ ഹസ്തം വായ്പ

കോവിഡ് 19 എന്ന മഹാമാരിയെ ചെറുക്കാൻ സർക്കാർ ഏർപ്പെടുത്തിയ ലോക്ക് ഡൗൺ മൂലം ഉണ്ടാകുന്ന തൊഴിൽ നഷ്ടവും അതിന്റെ തുടർച്ചയായുണ്ടാകുന്ന സാമ്പത്തിക നഷ്ടവും കണക്കിലെടുത്തു സാധാരണക്കാർക്ക് അടിയന്തിര വായ്പ സഹായം ലഭ്യമാക്കാൻ സർക്കാരും ബാങ്കും കുടുംബശ്രീയും ചേർന്ന വായ്പ പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പ . ഇത് പ്രകാരം മേലൂർ സി ഡി എസിൽ 228 അയൽക്കൂട്ടങ്ങളിൽ 2865 അംഗങ്ങളാണ് അർഹരായിട്ടുള്ളത്. ഇവർക്കുള്ള വായ്പകൾ വിവിധ ബാങ്കുകൾ നൽകിവരുന്നു.

<u>റിപ്പോർട്ട് തയ്യാറാക്കിയത്</u>

ഇന്ദിര മോഹനൻ
സിഡിഎസ് ചെയർപേഴ്സൺ

അനഘ എ ആർ
എം ഐ എസ് ബി സി

മേലൂർ
8590285047

ചാലക്കുടി ബ്ലോക്ക്
7510835278